കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

[www.ksad.kerala.gov.in](http://www.ksad.kerala.gov.in)

# വല്ലച്ചിറ ഗ്രാമപഞ്ചായത്ത്

# 2018-19
# ഓഡിറ്റ് റിപ്പോർട്ട്

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.15)-1214/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
ഇമെയിൽ: dotcr.ksad@kerala.gov.in
ഫോൺ: 0487 2331249
തീയതി 22.12.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വല്ലച്ചിറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :വല്ലച്ചിറ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 1-22, 1-26 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത

കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്.</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ എസ് എ ടി എസ് ആർ (പി15)1214/2020 തീയതി-22.12.2020

## തൃശ്ശൂർ ജില്ലയിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)**, **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13**, **1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 30.09.18 മുതൽ 09.10.20 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 2018-19 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് എൻക്വയറികളിലൂടെ അറിയിക്കുകയും മറുപടി പരിഗണിക്കുകയും

ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.10.2020 മുതൽ 02.11.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ബിന്ദു.ടി.എസ്. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.നസീനത്ത്.പി.എ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുനിത.ആർ | സീ.ഗ്രേഡ്.ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സോഫി ഫ്രാൻസിസ് | 01/04/2018- 31/03/2019 |
| സെക്രട്ടറി | ശ്രീമതി.പി.ഉമ ഉണ്ണികൃഷ്ണൻ | 01/04/2018 – 31/03/2019 |

## നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരു വിവരം

| ഉദ്യോഗപേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ഷിത.സി.ആർ | 01.04.2018- 31.03.2019 |
| അസി.എഞ്ചിനീയർ | ശ്രീമതി.സന്ധ്യ.പി.വി. | 01/04/2018- 15.04.2018 |
| | ശ്രീമതി.സുരഭി.സി.എസ്. | 16.04.2018- 02.06.2018 |

| | | |
|---|---|---|
| | ശ്രീമതി.ശുഭ.പി.വി | 07.06.18 -31.03.19 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ദീപ.പി.ഡി. | 01.04.2018-06.03.2019 |
| | ഡോ.ബിജു.കെ.ആർ | 07.03.19-31.03.19 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം ) | ഡോ. സുഹാസ് നാരായണൻ | 01.04.2018-14.07.2018 |
| | ശ്രീമതി.മായ റോഷിനി | 15.07.18-31.03.19 |
| വെറ്ററിനറി സർജൻ | ഡോ.ജെറി തോമസ് | 01.04.2018-31.03.2019 |
| പ്രധാന അദ്ധ്യാപിക | ശ്രീമതി.ജെസ്സി.വി.എ. | 01.04.2018-31.03.2019 |
| വി.ഇ.ഒ. (ആറാട്ടുപുഴ സർക്കിൾ) | ശ്രീ.രഞ്ചിത്ത്.കെ.ആർ. | 01.04.2018-31.03.2019 |
| വി.ഇ.ഒ. (വല്ലച്ചിറ സർക്കിൾ) | ശ്രീ.ശരത്ത് മോഹൻ | 01.04.2018-31.03.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.റോസ് മേരി.എം.എസ് | 01.04.2018-12.04.2018 |
| | ശ്രീമതി.രതി.കെ. | 13.04.2018-31.03.2019 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ജയകുമാർ ആർ.ജി | 01.04.2018-07.11.2018 |
| | ശ്രീമതി.ഷീല.ടി.ജി. | 08.11.2018-31.03.2019 |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |

| | | |
|---|---|---|
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | രശീതി പരിശോധന അപാകത | 1-12 |
| 13 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-13 |
| 14 | റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല | 1-14 |
| 15 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-15 |
| 16 | പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ -ചട്ടങ്ങൾ പാലിക്കേണ്ടതാണ് | 1-16 |
| 17 | അനധികൃത കെട്ടിടനിർമ്മാണം- സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ് | 1-17 |
| 18 | വസ്തുനികുതി അപാകതകൾ | 1-18 |
| 19 | പഞ്ചായത്താഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ,പ്രിന്റർ എന്നിവ വാങ്ങൽ -ഒറിജിനൽ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല. | 1-19 |
| 20 | ശമ്പള പരിഷ്കരണ കുടിശ്ശിക-പെൻഷൻ അംശദാനം അടവാക്കിയില്ല. | 1-20 |
| 21 | ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ് | 1-21 |
| 22 | വനിത ഘടക പദ്ധതിയിൽ അനിവാര്യമായ പ്രോജക്ടുകൾ ഉൾപ്പെടുത്തിയില്ല. | 1-22 |
| 23 | ലൈഫ് ഭവന നിർമ്മാണം - മുൻകൂർ തുക കൈപ്പറ്റി - നിർമ്മാണം പൂർത്തിയായില്ല | 1-23 |
| 24 | കന്നുകുട്ടി പരിപാലന പദ്ധതി - അവശേഷിക്കുന്ന തുക തിരികെഈടാക്കേണ്ടതാണ്. | 1-24 |

| | | |
|---|---|---|
| 25 | ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് | 1-25 |
| 26 | തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങലും പരിപാലനവും – തുക അധികം നൽകി | 1-26 |
| 27 | പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-27 |
| 28 | വാഴകൃഷിക്ക് വളം സബ്സിഡി-തുക അധികം നൽകി. | 1-28 |
| 29 | തെങ്ങിന് ജൈവവളം -രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-29 |
| 30 | നെൽകൃഷി കൂലിചെലവ് പദ്ധതി -രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-30 |
| 31 | മരാമത്ത് പ്രവൃത്തികൾ-അവലോകനം:PWD മാനുവൽ പ്രകാരമുള്ള വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്. | 1-31 |
| 32 | പ്രവൃത്തി കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല-പിഴ ഈടാക്കിയിട്ടില്ല | 1-32 |
| 33 | കുഴിച്ചെടുത്ത മണ്ണ്-വിനിയോഗരേഖകളുടെ അഭാവത്തിൽ ചെലവുതുക 10,18,912രൂപ തടസ്സപ്പെടുത്തുന്നു. | 1-33 |
| 34 | ആസ്തി രജിസ്റ്റർ നവീകരിച്ച് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. | 1-34 |
| 35 | ക്വട്ടേഷൻ മുഖേന നടപ്പാക്കിയ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയുടെ ചെലവുരേഖകൾ ലഭ്യമാക്കിയില്ല-10,000 രൂപ തടസ്സപ്പെടുത്തുന്നു. | 1-35 |
| | ഭാഗം 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |

| | | |
|---|---|---|
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഭാഗം 4 | |
| 36 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 38 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 42 | ഓഡിറ്റ് റിക്കവറി | 4-7 |
| 43 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 44 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടിന്റെ വിവരം | 4-11 |
| 47 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 48 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |


# ഭാഗം -1
# പൊതു അവലോകനം
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് 24.03.2018 തീയതിയിലെ, 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 8-02-2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രതീക്ഷിത വരവ്, ചെലവ് എന്നിവ ബജറ്റ് പ്രകാരം, യഥാക്രമം 137779938/- രൂപയും, 131395437/-രൂപയും, പുതുക്കിയ ബജറ്റ് പ്രകാരം 144621738/-രൂപയും, 127947542/-രൂപയും ആണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 21-5-2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11271342 |
| വരവ് | 66438506 |
| ആകെ | 77709848 |
| ചെലവ് | 57323464 |
| നീക്കിയിരിപ്പ് | 20386384 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഓ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 11591000 | 11591000 | 11078437 | 512563 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 8113000 | 8113000 | 7057700 | 1055300 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 49000 | 49000 | 0 | 49000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6559000 | 6559000 | 6544043 | 14957 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2885000 | 2885000 | 2862552 | 22448 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 5380000 | 5380000 | 5379907 | 93 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 164 | 62491272 | 102 | 42212984 | 23 | 39 | 62% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5291 | 526056 | 531347 | 531347 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 21404291 | 21404291 | 21404291 | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 30720 | 32 |
| കർഷകതൊഴിലാളി പെൻഷൻ | 3952800 | 328 |
| വിധവാപെൻഷൻ | 12877600 | 1053 |
| വാർദ്ധക്യകാലപെൻഷൻ | 17498500 | 1410 |
| വികലാംഗപെൻഷൻ | 2842700 | 202 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1758200 | 137 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.10.2020 3.00 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16,794 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

1.ബജറ്റ് നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിൽ കുറെക്കൂടി കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ്. പൊതുഭരണവും ധനകാര്യവും സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ നികുതി വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സംബന്ധിച്ച് ഫലപ്രദമായ നിർദ്ദേശങ്ങൾ ഉണ്ടായിട്ടില്ല. തൻവർഷം പഞ്ചായത്തിന്റെ റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ചർച്ചകൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി/ ഭരണസമിതി തലത്തിൽ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2.ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ വസ്തുനികുതി നിർണ്ണയവിവരങ്ങൾ കൂടി ഉൾപ്പെടുത്തിയാൽ മാത്രമേ പെർമിറ്റ് ലഭ്യമായ എല്ലാ കെട്ടിടങ്ങളും നിയമാനുസൃതം പൂർത്തീകരിച്ചതായി ഉറപ്പാക്കാൻ സാധിക്കൂ. കൂടാതെ കൂട്ടിച്ചേർക്കാൻ പെർമിറ്റ് എടുത്തിട്ടുള്ള കെട്ടിടഭാഗങ്ങൾക്കും നികുതി നിർണ്ണയിച്ചിട്ടുണ്ടോയെന്നും അതുവഴി നികുതിച്ചോർച്ച തടയാനും സാധിക്കുകയുള്ളൂ. കെട്ടിടങ്ങളുടെ ക്രമവൽക്കരണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങൾ 2011 – ചട്ടം 137(3) പ്രകാരം ക്രമവൽക്കരണം അനുവദിച്ചതിന്റെ വിവരങ്ങൾ അടങ്ങിയ അപ്പന്റിക്സ് J മാതൃകയിലുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

3.വാർഷിക പദ്ധതി രൂപീകരണത്തിൽ നിർണ്ണായകച്ചുമതല വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സ് പരിശോധിച്ചതിൽ പദ്ധതി ശുപാർശകൾ മാത്രമാണ് രേഖപ്പെടുത്തിക്കണ്ടത്. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ടുകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പു വരുത്തേണ്ടതുമാണ്. പദ്ധതി നിർവ്വഹണത്തിലെ രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് തുടങ്ങി എല്ലാ ഘട്ടങ്ങളിലും മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് നടക്കുന്നുവെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ ഉറപ്പാക്കേണ്ടതും ആയത് മിനിറ്റ്സിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

4. മോണിട്ടറിങ് റിപ്പോർട്ടുകൾ ഇല്ല - സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ/29.1.18 ഉത്തരവ് ഖ: 13.1 പ്രകാരം പ്രോജക്ട് മോണിട്ടറിങ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണ്. എന്നാൽ ചില നിർവ്വഹണഉദ്യോഗസ്ഥർ ഇത്തരത്തിലുള്ള മോണിട്ടറിങ് റിപ്പോർട്ടുകൾ,ഖ:11.4.1 പ്രകാരമുള്ള പ്രോജക്ട് പൂർത്തീകരണ പത്രം എന്നിവ തയ്യാറാക്കി ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. ഉദാ:ഐ.സി.ഡി.എസ്.സൂപ്പർവൈസർ, ഹെഡ് മിസ്ട്രസ്സ്, വി.ഇ.ഒ

5:നിർവ്വഹണോദ്യോഗസ്ഥർ ചട്ടപ്രകാരം (ജി.ഒ(പി)177/2006/ധനം. തി.12.4.2016) സൂക്ഷിക്കേണ്ട ക്യാഷ് ബുക്കും, സബ്സിഡിയറി രജിസ്റ്ററും (അനുബന്ധം ബി IV), പ്രൊജക്ട് രജിസ്റ്ററും (അനുബന്ധം ബി V) സൂക്ഷിക്കുന്നുവെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തുന്നില്ല. ഉദാ:ഐ.സി.ഡി.എസ്.സൂപ്പർവൈസർ, ഹെഡ് മിസ്ട്രസ്സ്.

6.തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/02/2020 | 1/12/2019 | 16-5-2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10/03/2008 മുതൽ 12/03/2008 | 1997-98 മുതൽ 2004-05 വരെ | 16-04-2008 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**2.1തൻവർഷം**

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ (ക്രമീകരിച്ചത്) | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 2068537 | 2033138 | 42870 | 4194 |

| | | | | |
|---|---|---|---|---|
| പ്രകാരം | | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | * (4404x100/105)= |
| | 2068537 | 2122265 | 44483 | 4194 |

2.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 941900 | 850564 | 54530 | 39051 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *(41006x100/105)= 39053<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>Rounded to sanchaya |
| | 941900 | 759349 | 54469 | 39051 |

## 2.2 കുടിശ്ശിക

2.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 20970 | 2065 | 20970 |
| വാർഷിക കണക്കിലെ വിവിധ | 24390 | 3766 | 20970 |
| | *(2017-18-ലെ ബാലൻസ്ഷീറ്റ് | റസീറ്റ് & പേയ്മെന്റ് | **(ബാലൻസ് ഷീറ്റ് |

| | | | |
|---|---|---|---|
| പത്രികകൾ പ്രകാരം | ഷെഡ്യൂൾ ബി-15) (5122+20488= 25610/105x100) | പത്രിക, ഷെഡ്യൂൾ ആർ.പി-43 | ഷെഡ്യൂൾ ബി-15) (22020/105x100)= 20971 Rounded to sanchaya |

## 2.2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 167807 | - | 167807 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | (2017-18-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) * (40040+132592 = 172632/105x100) | റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43 | **(176210/105x 100) = 167819, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |
| | 164411 | - | 167807 |

<u>2.3 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 105324 | 1050 | 106358 | 103866 | 103 | 102954 | 2343 | 650 | 210 | 1050 | 1260 |
| | നോൺ-റെസിഡൻഷ്യൽ | 47859 | 8403 | 56262 | 42742 | - | 42742 | 2749 | 1797 | 1955 | 8403 | 10358 |
| | ആകെ | 153183 | 9453 | 162620 | 145608 | 103 | 145696 | 5092 | 2447 | 2165 | 9453 | 11618 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | ......+......= (2017-18-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101- State govt Cess/levies...... ലെഡ്ജർ 2018-19) | | | റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്) | | | | (431910101 - State govt. Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |
| | | 9465 | | | 146438 | | | | ലെഡ്ജർ പ്രകാരം DD കുറവ് ചെയ്തതായി കാണുന്നില്ല | 11618 | | |

2.4. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -കളക്ഷൻ- ബുക്ക് അഡ്ജസ്റ്റ്മെന്റ് = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:2.1.1, 2.1.2, 2.2.1, 2.2.2, 2.3 എന്നീ ഖണ്ഡികയിലെ പട്ടികകൾ)

2.5. 1/4/2018-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19-ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ്

എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(3)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ വള്ളിച്ചിറ ഗ്രാമപഞ്ചായത്തിൽ 142 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19-ലെ "110100101-Property tax on residential buiding"എന്ന ശീർഷകത്തിലെയും "110100103-Property tax on non residential building" എന്ന ശീർഷകത്തിലെയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷിക കണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്തരവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.6. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 146438 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 145593 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല.

2.7 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2018 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2018-19 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 | 2018-19ലെ ലെഡ്ജർ |
|---|---|---|---|

| | | | |
|---|---|---|---|
| | | പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
| 1 | 350410101-Advance collection of revenues - Property tax on Residential building | 22767 | 44483 |
| 2 | 350410104-Advance collection of revenues - Property tax on Non-Residential building | 6010 | 54469 |

2.8 തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 98,952/- രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior period items" എന്ന നാമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.8.1 റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800274 | 31.03.19 | 19651 |

2.8.2 നോൺ-റെസിഡൻഷ്യൽ

| ക്രമ.നം | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800275 | 31.03.19 | 48459 |

2.9 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 2,43,640/- രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State govt levies in property tax"എന്ന ശീർഷകത്തിൽ വരേണ്ട തുക 11602-/- ആണ്. എന്നാൽ ഈ ശീർഷകത്തിൽ 11,618/- രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

3. 2018-19-ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസ പത്രികയും അനുബന്ധ കണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക 2.6ൽ ചേർത്തിട്ടുണ്ട്)

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1 | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (.... കെട്ടിടങ്ങൾ) | 130100101-Rent from Building | 67000 | 05.07.18 | 41800218 |

AFS പ്രകാരം ഡിമാന്റ് 26,700/- രൂപയാണ്. ലെഡ്ജർ പ്രകാരം കെട്ടിടങ്ങളിൽ നിന്നുള്ള വാടക ഡിമാന്റ് 67,000/- ആണ്. ഡിമാന്റ് 40,300/- രൂപ കുറവ് ചെയ്തിട്ടുണ്ട്. ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/03/2019-ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102- Advance collection of revenues- Profession tax/mnt/trad/prof | - |
| | ഡി&ഒ | 350410301- Advance collection of revenues- Licence fees for dangerous and offensive trades | 137320 |

5. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തു നികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ ത.സ്വ.ഭ.വ. തീയതി.26/07/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58 (4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

6. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം& എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/03/2019-ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101- Prior period income – Property tax on residential buildings | 23066 |
| | |

| | |
|---|---|
| 280100104 – Prior period income-Property tax on non residential buildings | 45044 |
| 280200101- Prior period income- Rent from Building | 500 |

7. കാഷ് അല്ലെങ്കിൽ ബാങ്ക്ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

8. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

9. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 91,15,042/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13,64,754/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല. വ്യത്യാസം ശരിയാക്കേണ്ടതാണ്.

10. സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന വിഹിതത്തിലെ ചെലവുകൾ സംബന്ധിച്ചുള്ള ബിൽ രജിസ്റ്റർ, എസ്.ടി.എസ്.ബി. സ്റ്റേറ്റ്മെന്റ് എന്നിവയിലെ വിവരങ്ങളും ബന്ധപ്പെട്ട ലെഡ്ജറുകളിലെ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. ഉദാഹരണത്തിന്, 26.03.19-ന് 9,39,775/- രൂപ ബിൽ രജിസ്റ്റർ പ്രകാരം ചെലവു വന്നിട്ടുണ്ട്. ആയതിൽ 8,71,461/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും 68,314/- രൂപ ജില്ലാ പഞ്ചായത്ത് വിഹിതവുമാണ്. എന്നാൽ, ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ ലെഡ്ജർ പ്രകാരം (ശീർഷകം - 320700204) 8,92,361/- രൂപയാണ് രേഖപ്പെടുത്തിക്കാണുന്നത്. 20,900/- രൂപ ലെഡ്ജറിൽ അധികം ചെലവു കാണുന്നുണ്ട്. ഇത്തരം വ്യത്യാസങ്ങൾ തൃപ്തികരമായ രീതിയിൽ വിശദീകരിക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചില്ല. ആയതിനാൽ, ലെഡ്ജർ ബാലൻസ് കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

11. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാന ചെലവ് കണക്കാക്കാനാവില്ല. ബാലൻസ് ഷീറ്റ് പ്രകാരം Movable Assets-vehicles എന്ന ശീർഷകത്തിന്റെ ആസ്തി മൂല്യവും തേയ്മാനവും 1 രൂപയാണ്. ആയതിനാൽ ടി ആസ്തിയുടെ മൂല്യ പൂജ്യമായിരിക്കുന്നു. ശീർഷകത്തിലെ ആസ്തിയുടെ വില 1 രൂപയെങ്കിലുമുണ്ടെന്ന് ഉറപ്പാക്കുന്ന രീതിയിൽ 2019-20 വർഷത്തിൽ ആയത് ക്രമീകരിക്കേണ്ടതാണ്.

12. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 9,300/- രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റ് രസീതികൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

13. അഡ്വാൻസ് രജിസ്റ്റർ 31.03.2019-ലെ നീക്കിയിരിപ്പ് തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| അഡ്വാൻസ് രജിസ്റ്റർ പ്രകാരം 31/03/2019-ലെ നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18പ്രകാരം 31/03/2019-ലെ നീക്കിയിരിപ്പ് |
|---|---|
| 1238178/- | 1277678/- |

സമാനമായി, ഡെപ്പോസിറ്റ് റിസീവ്ഡ് ഫോർ ഹാൾസ് ആൻഡ് ഓഡിറ്റോറിയം എന്ന ശീർഷകത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള വരവു തുക 1,81,250/- രൂപയും വാർഷിക കണക്കിലെ രസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവുതുക 1,78,750 രൂപയുമാണ്. ചെലവു തുക രജിസ്റ്റർ പ്രകാരം 1,74,500/- രൂപയും വാർഷിക കണക്കു പ്രകാരം 1,63,500/- രൂപയുമാണ്.

14. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-2 പ്രകാരമുള്ള ദുരിതാശ്വാസ നിധി ഫണ്ടും (2,800/- രൂപ) ഈയാവശ്യത്തിനായുള്ള എസ്.ബി.ഐ. ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും (2,151/- രൂപ) പൊരുത്തപ്പെടുന്നില്ല.

15. കാലാവധി കഴിഞ്ഞ ചെക്കുകൾ "Liability in respect of stale cheque"എന്ന ബാധ്യത (1,000/- രൂപ) ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46).

16. കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11a) എന്ന ശീർഷകത്തിൽ തൻവർഷം ഉൾപ്പെടുത്തിയിട്ടുള്ളത് 20,04,389/- രൂപയാണ്. മുൻവർഷം ഇത് 11,26,452/- രൂപയായിരുന്നു. തൻവർഷത്തെ വർദ്ധനവ് പരിശോധിക്കുന്നതിന് ആവശ്യമായ (ഉദാ:- എ.ഇ യുടെ പ്രൊജക്റ്റ് രജിസ്റ്റർ) രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

## 1-12 രശീതി പരിശോധന അപാകത

നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ ഗവ.യു.പി.എസിന് രശീതിബുക്ക് നം 6323, 9.7.2018 തീയതിയിൽ വിതരണം ചെയ്തിട്ടുണ്ട്. ഈ ബുക്കിലെ 5 രശീതികൾ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. ബാക്കിയുള്ള രശീതികൾ

ഉപയോഗിക്കുകയോ റദ്ദുചെയ്യുകയോ ചെയ്യേണ്ടതാണ്. രശീതുബുക്ക് പൂർണ്ണമായും ഉപയോഗിച്ചുതീരുകയും കൗണ്ടർഫോയിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ തന്നെ പുതിയ രശീതിബുക്ക് നം 6541, 4.9.2019 ന് നൽകിയിട്ടുണ്ട് .ആയത് നാളിതുവരെ ഉപയോഗിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി (നം.8/30.10.2020) നൽകിയതിനെ തുടർന്ന് രശീതിബുക്ക് നം 6523 ലെ ഉപയോഗിക്കാത്ത രശീതികൾ റദ്ദുചെയ്യുകയും രശീതിബുക്ക് നം 6541 തിരിച്ചേൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് 2011 ചട്ടങ്ങൾ (G.O.(MS) 83/2011/lsgd dt. 28.03.2011) ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിലൊഴികെ എല്ലാ അവസരങ്ങളിലും ലഭിച്ച രശീതുബുക്ക് പൂർണ്ണമായും ഉപയോഗിച്ചുതീരുകയും കൗണ്ടർഫോയിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രശീതി ബുക്ക് നൽകാൻ പാടില്ലാത്തതാണ്.

## 1-13 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2018-19 വർഷത്തിൽ പഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ ഏർപ്പെട്ട താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

വിൻസെന്റ് .പി ഡി

സി.കെ.സുധാകരൻ

ഒ ജെ .വിൽസൺ

രാമകൃഷ്ണൻ .എ എൻ

ജോഗിൻ . എം

ശ്രീകുമാർ. കെ എം

ബാബു .സി എഫ്

ജയൻ .വി ടി

പ്രദീപ്കുമാർ .എം

കേരള പഞ്ചായത്ത് രാജ് നിയമം 204 (ii) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധവർഷത്തിൽ, അറുപത് ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിലോ ബിസിനസ്സിലോ ഏർപ്പെട്ട ഏതൊരാളിൽ നിന്നും പരമാവധി നിർണ്ണയിക്കപ്പെട്ട നിരക്കുകളിൽ കവിയാതെ തൊഴിൽ നികുതി ചുമത്തേണ്ടതാണെന്ന് അനുശാസിക്കുന്നുണ്ട്. കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ ആവശ്യമായ നടപടി

സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.4/21.10.2020 ന് മറുപടിയായി കരാറുകാരുടെ പ്രവൃത്തി കാലാവധി പരിശോധിച്ച് തൊഴിൽനികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-14 റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ. എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ നൽകൽ എന്നാക്കി മാറ്റിയിട്ടുണ്ട്. ചട്ടങ്ങളിലെ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയ്ക്ക് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ നാളിതുവരെ ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ എല്ലാ റേഷൻ കടകൾക്കും നിയമപ്രകാരം നോട്ടീസ് നൽകി ലൈസൻസോട് കൂടി പ്രവർത്തിക്കുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. റേഷൻ കടകളുടെ ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.3/22.10.2020) മറുപടി നൽകിയിട്ടുണ്ട്.

## 1-15 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2018-19 വർഷത്തെ ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 239 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. സഞ്ചയയിൽ നിന്നുള്ള വാണിജ്യ വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ 288 കെട്ടിടങ്ങൾ ഉൾപ്പെടുന്നുണ്ട്. സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ള വാണിജ്യ വ്യവസായ ഗണത്തിലുള്ള 49 സ്ഥാപനങ്ങൾ ലൈസൻസെടുക്കാതെയാണ് പ്രവർത്തിക്കുന്നത്. കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയതായോ ഗണം മാറി പ്രവർത്തിക്കുകയോ ഉണ്ടെങ്കിൽ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ഫീൽഡ് ക്ലർക്ക് സ്ഥല പരിശോധന നടത്തുകയും ലൈസൻസിനു നോട്ടീസ് നൽകുകയും ചെയ്യേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.21/01.11.2020 ന് മറുപടിയായി പതിനഞ്ചോളം കെട്ടിടങ്ങൾ ഒഴിവായി കിടക്കുന്നവയാണെന്നും പ്രവർത്തിക്കുന്നവ പരിശോധിച്ച് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## I-16 പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ -ചട്ടങ്ങൾ പാലിക്കേണ്ടതാണ്

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ) ചട്ടങ്ങൾ അനുസരിച്ച് ഒരു ഗ്രാമ പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. രാഗി ഈനാശു (XIII/303) എന്നിവരുടെ ഉടമസ്ഥതയിലുള്ള മെഡിക്കൽ ലബോറട്ടറി പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തതായി കാണുന്നില്ല.

2. ഫാദർ ജോയ് കുത്തൂരിന്റെ (XI/328A) ഉടമസ്ഥതയിലുള്ള ശാന്തി ഭവൻ പാലിയേറ്റീവ് ഹോസ്പിറ്റലിൽ നിന്നും ചട്ടം 5 അനുസരിച്ചുള്ള രജിസ്ട്രേഷൻ പുതുക്കൽ ഫീസ് ഈടാക്കിയിട്ടില്ല.

മേൽപറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും പാരമെഡിക്കൽ രജിസ്ട്രേഷൻ ചട്ട പ്രകാരം രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറി നം.7/30.10.2020 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## I-17 അനധികൃത കെട്ടിടനിർമ്മാണം- സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ്

2018-19 ൽ പഞ്ചായത്ത് പരിധിയിൽ നിരവധി കെട്ടിടങ്ങൾ ക്രമവത്ക്കരണം നടത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തിയാക്കി നമ്പറിംഗിനു വേണ്ടി ഗ്രാമ പഞ്ചായത്തിനെ സമീപിക്കുന്ന സമയത്ത് റെഗുലറൈസേഷൻ ഫീ ഈടാക്കി ക്രമവത്ക്കരണം നടത്തുന്ന രീതിയാണ് കാണുന്നത്. അനധികൃത നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആയത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഫീൽഡ് പരിശോധന കൂടി നടത്തേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ്കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 137(3) പ്രകാരം ക്രമവത്ക്കരിച്ച വിവരം സെക്രട്ടറി Appendix j form ൽ രജിസ്റ്റർ ചെയ്തു സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്റർ തയ്യാറാക്കേണ്ടതും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.10/30.10.2020)

## 1-18 വസ്തുനികുതി അപാകതകൾ

1) 2018-19 വർഷം ഡി ആൻഡ് ഒ ലൈസൻസ് അനുവദിച്ച സോജൻ്റെ ഉടമസ്ഥതയിലുള്ള കളിപ്പാട്ടനിർമ്മാണത്തിനായുള്ള IV/380 കെട്ടിടം, കൃഷ്ണൻ ഗാലിപറമ്പിൽ ഉടമസ്ഥതയിലുള്ള പലചരക്ക് വ്യാപാരത്തിനുള്ള XI/105 കെട്ടിടം എന്നിവ സഞ്ചയയിൽ വാണിജ്യാവശ്യം എന്നതിനു പകരം പാർപ്പിടാവശ്യം എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് നം.12900/ആർ.എ.1/2015/തസ്വഭവ തീയതി 02.12.2015 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലർ പ്രകാരം കെട്ടിടനിർമ്മാണ അനുമതിക്കുള്ള അപേക്ഷ രജിസ്റ്റർ ചെയ്യപ്പെടുന്നത് മുതൽ കെട്ടിടനിർമ്മാണം പൂർത്തിയായി ഒക്യുപൻസി നൽകുന്നത് വരെ അപേക്ഷയിൻമേൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. സർക്കുലർ പ്രകാരമുള്ള ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

എ) കെട്ടിടനിർമ്മാണ അപേക്ഷാ ഫയലിൽ നോട്ട് ഭാഗവും, കറസ്പോൻഡൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റ് രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയൽ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

ബി) ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ ടാഗ് ചെയ്ത് ചേർക്കേണ്ടതാണ്. നോട്ട് ഫയലിൻ്റെ എല്ലാ പേജിലും ഫയൽ നമ്പറും പേജ് നമ്പറും രേഖപ്പെടുത്തേണ്ടതാണ്.

സി) ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിൻ്റെ നോട്ടിൽ ഉടമസ്ഥതയ്ക്ക് ആധാരമായ രേഖകളുടെ പരിശോധന, അപേക്ഷകൻ്റെ ഉടമസ്ഥാവകാശം, അപേക്ഷയിലെ ഭൂമിയിലെ നിർമ്മാണാവകാശം എന്നിവ സംബന്ധിച്ച് പരാമർശം ഉണ്ടായിരിക്കേണ്ടതാണ്. നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കാവുന്ന പക്ഷം പെർമിറ്റ് ഫീസ് / കോമ്പൗണ്ടിംഗ് ഫീസ് സംബന്ധമായി കണക്കാക്കലുകൾ നോട്ടിൽ വ്യക്തമാക്കേണ്ടതും പെർമിറ്റ് നിരസിക്കുന്ന പക്ഷം വ്യക്തമായ കാരണങ്ങൾ നോട്ടിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ഡി) മതിയായ പെർമിറ്റ് ഫീസ് അടയ്ക്കുന്ന മുറയ്ക്ക് ഇതിൻ്റെ വിവരങ്ങൾ (രസീത് നമ്പർ, തീയതി, തുക എന്നിവ) ഫയലിൽ രേഖപ്പെടുത്തി, കരട് പെർമിറ്റ് തയ്യാറാക്കി രജിസ്റ്ററിൽ വേണ്ട രേഖപ്പെടുത്തലുകൾ നടത്തി അംഗീകാരത്തിനായി അധികാരിക്ക് സമർപ്പിക്കേണ്ടതാണ്.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ ഗ്രാമ പഞ്ചായത്ത് പാലിച്ചതായി കാണുന്നില്ല. കെട്ടിടനിർമ്മാണ അപേക്ഷയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നടപ്പിലാക്കേണ്ടതാണ്.

3) ആറാട്ടുപുഴ വില്ലേജ് റീസർവ്വേ നം 53/4 ൽ കൈതക്കാപുഴ ലക്ഷ്മണൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള 9.79 ആർ വിസ്തൃതിയിലുള്ള സ്ഥലത്ത് മൊബൈൽ ടവർ നിർമ്മിക്കുന്നതിനായി റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് അപേക്ഷ സമർപ്പിച്ചിരുന്നു. ആയത്പ്രകാരം 30.10.2018 ൽ E-BA(255654)/18 നമ്പറായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ടവർ സ്ഥാപിക്കുന്നതിനെതിരെ പ്രദേശവാസികളിൽ നിന്ന് നിരവധി പരാതി ലഭിച്ചിട്ടുള്ളതാണ്. പരാതി

സംബന്ധിച്ച വിവരം സെക്രട്ടറിയുടെ 31.10.2018 തിയതിയിലെ ഇ-4735/18 നം കത്ത് പ്രകാരം ബഹു ജില്ലാ കലക്ടറെ (ടെലികോം അതോറിറ്റി ചെയർമാൻ) അറിയിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-19 പഞ്ചായത്താഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ, പ്രിന്റർ എന്നിവ വാങ്ങൽ -ഒറിജിനൽ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി
ബിൽ നം: 24/29.11.18 -44500/-
ചെക്ക് നം -0139295 തീ:29.11.18 (വൗച്ചർ നം.21800781) തുക.22003/-

പഞ്ചായത്താഫീസിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ, പ്രിന്റർ എന്നിവ വാങ്ങൽ പദ്ധതി പ്രകാരം കെൽട്രോണിൽ നിന്നും 66303/- രൂപ യുടെ ഫോട്ടോസ്റ്റാറ്റ് മെഷീൻ, പ്രിന്റർ എന്നിവ വാങ്ങിയിട്ടുണ്ട്. ആയതിന്റെ 11.09.18 ലെ പ്രൊഫോർമ ഇൻവോയ്സ് (നം.PRF-3081/TVM/ITBG/PURC/3081/17-18) മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. ഒറിജിനൽ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതു വരെ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 ശമ്പള പരിഷ്കരണ കുടിശ്ശിക-പെൻഷൻ അംശദാനം അടവാക്കിയില്ല

2014 ശമ്പള പരിഷ്കരണ കുടിശ്ശികയുടെ ഭാഗമായുള്ള ഗഡുക്കൾ താഴെപ്പറയും പ്രകാരം 2018-19-ൽ ജീവനക്കാർ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ അടിസ്ഥാന ശമ്പളത്തിൽ വന്ന വ്യത്യാസത്തിന്റെ 15% പെൻഷൻ അംശദാനമായി അടവാക്കിയതായി കാണുന്നില്ല. കുടിശ്ശിക കൈപ്പറ്റിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വൗച്ചർ നം./ തീയതി | തുക | റിമാർക്സ് |
| --- | --- | --- |
| 21800616/ 1.10.18 0139289/1.10.18 | 102963 | ജീവനക്കാരുടെ ശമ്പളക്കുടിശ്ശിക 4th Instalment |
| 21800615/ 1.10.18 0139289/1.10.18 | 13535 | പി ഉമ ഉണ്ണികൃഷ്ണൻ, സെക്രട്ടറിയുടെ ശമ്പളക്കുടിശ്ശിക 4th Instalment |

| | | |
|---|---|---|
| 21800224/<br>21.06.18<br>0139279/21.6.18 | 14072 | പി.ഉമ ഉണ്ണികൃഷ്ണൻ, സെക്രട്ടറിയുടെ ശമ്പളക്കുടിശ്ശിക 3rd Instalment |
| 21800225/<br>21.06.18<br>0139279/21.6.18 | 40092 | പി.ബി.ഉഷ മുൻ സെക്രട്ടറിയുടെ ശമ്പളക്കുടിശ്ശിക 1st Instalment |
| 21800226/<br>21.06.2018<br>0139279/21.6.18 | 32236 | പി.ബി.ഉഷ മുൻ സെക്രട്ടറിയുടെ ശമ്പളക്കുടിശ്ശിക 2nd Instalment |
| 21800227/<br>21.06.18<br>0139279/21.6.18 | 30682 | പി.ബി.ഉഷ മുൻ സെക്രട്ടറിയുടെ ശമ്പളക്കുടിശ്ശിക 3rd Instalment |
| 21800228/<br>21.06.18 | 31970 | 3rd Instalment മുൻ ജീവനക്കാർ<br>മനോജ് കുമാർ കെ.എം<br>മനോജ് കുമാർ ടി.പി |
| 21800229/21.06.18<br>0139279/21.6.18 | 74764 | ജീവനക്കാരുടെ ശമ്പളക്കുടിശ്ശിക 3 rd Instalment |

മേൽപ്പറഞ്ഞ വൗച്ചറുകൾ പ്രകാരമുള്ള ശമ്പളക്കുടിശ്ശിക അനുവദിച്ചവരുടെ പെൻഷൻ അംശദാനം ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി (നം 25/30.01.2020) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 ഭിന്നശേഷിക്കാരുടെ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്

ഭിന്നശേഷിക്കാർക്കായി (ജനറൽ/എസ് സി) സ്കോളർഷിപ്പ്, ഉപകരണങ്ങൾ വാങ്ങൽ, കായിക കലാമത്സരങ്ങൾ എന്നീ പ്രൊജക്റ്റുകൾ മുഖേന തൻവർഷം 14,26,319 രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന വസ്തുതകൾ നിരീക്ഷിച്ചു.

1.സബ്സിഡി മാർഗ്ഗരേഖ (22/2018/14.02.2018) ഖ.7.1.3 പ്രകാരം ഉപകരണങ്ങൾ വാങ്ങിനൽകുന്നതിനായി ആവശ്യകത നിർണ്ണയിക്കാൻ മെഡിക്കൽ ക്യാമ്പ് നടത്തിയതിന്റെ രേഖകൾ പൂർണ്ണമാക്കി സൂക്ഷിച്ചിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ (22/2018/14.02.2018) ഖ.7.1.3 പ്രകാരം, പല ത.സ്വ.ഭ.വ സ്ഥാപനങ്ങളും മറ്റ് പല ഏജൻസികളും വർഷങ്ങളായി ഉപകരണങ്ങൾ നൽകിക്കൊണ്ടിരിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഉപകരണം ഉള്ളവർക്കു തന്നെ അതേ ഉപകരണം വീണ്ടും നൽകപ്പെടാതിരിക്കാൻ വേണ്ട കർശനമുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. ആവശ്യകതാ നിർണ്ണയഘട്ടത്തിൽ ക്യാമ്പിൽ വെച്ച് ഇക്കാര്യം കൃത്യമായി പരിശോധിച്ചിട്ടില്ല എന്ന് അപേക്ഷകളുടെ പരിശോധനയിൽ വ്യക്തമായി.

2.വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നും (IN.NO.201,202/തുക3,25,490) വാങ്ങിയ ഉപകരണങ്ങൾ 29 (24Gen+5Sc) പേർക്ക് വിതരണം നടത്തി. സ്റ്റോക്ക്/വിതരണ രജിസ്റ്റർ ഉപകരണങ്ങൾ ആവർത്തിച്ച് നൽകാൻ പാടില്ലെന്ന മാർഗ്ഗരേഖാനിർദ്ദേശം പാലിക്കത്തക്ക രീതിയിലല്ല തയ്യാറാക്കിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ സ്ഥിതിവിവരകണക്കുകൾക്ക് പ്രസക്തി വർദ്ധിക്കുന്നു.

വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ ഒരു ഡാറ്റാ ബേസ് തയ്യാറാക്കാനും സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കാലികമായി സൂക്ഷിക്കാനും നിർദ്ദേശമുള്ളതാണ്. 17.08.16ലെ 2465/2016തസ്വഭവ നമ്പർ ഉത്തരവിലും ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശിച്ചതാണ്. ഓഡിറ്റ് അന്വേഷണത്തിനു (നം.5/23.10.2020) നൽകിയ മറുപടിയിൽ 2018-19 അങ്കണവാടിസർവ്വേ പ്രകാരം 261 ഭിന്നശേഷിക്കാർ ഉൾപ്പെട്ടിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ടെങ്കിലും മറ്റു വിശദാംശങ്ങളോ രേഖകളോ ലഭ്യമാക്കിയിട്ടില്ല. ഭിന്നശേഷിക്കാരുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ പഞ്ചായത്ത് തലത്തിൽ തയ്യാറാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീ, സാമൂഹ്യ നീതി വകുപ്പ് എന്നിവയുടെ സഹായത്തോടെ ബഡ്സ് സ്കൂളുകൾ എന്ന പേരിൽ സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കാനും യോഗ്യതയുള്ള ടീച്ചർമാരെ നിയമിക്കാനും അനുവാദമുള്ളതാണ്. 18 വയസ്സിന് മുകളിലുള്ളവർക്കായി റീഹാബിലിറ്റേഷൻ സെന്റർ തുടങ്ങാനും സെന്റർ നടത്തിപ്പിനായി ജീവനക്കാരെ നിയമിക്കാനും വാഹനം വാടകയടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്താനും വികസന ഫണ്ട്, തനത് ഫണ്ട് എന്നിവ വിനിയോഗിക്കാനും വ്യവസ്ഥയുള്ളതാണ്. ഇതോടൊപ്പം അങ്കണവാടികളിലും ലോവർപ്രൈമറി സ്കൂളുകളിലുമുള്ള കുട്ടികളിലെ വൈകല്യങ്ങൾ കണ്ടെത്തി പരിഹരിക്കാനുള്ള സ്പെഷ്യലിസ്റ്റുകളുടെ സേവനം ലഭ്യമാക്കാനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാനുള്ള നിർദ്ദേശവും നിലനിൽക്കുന്നുണ്ട്. ഭിന്നശേഷി ക്കാർക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ്, ബത്ത വിതരണ ചെലവ് എന്നിവ ഇതേ വിഭാഗത്തിന്റെയും കുട്ടികളുടെയും വികസനത്തിനുള്ള 5 ശതമാനം നിർബന്ധിത വകയിരുത്തലിൽ ഉൾപ്പെടുന്നില്ല എന്ന് മാർഗ്ഗരേഖാനിർദ്ദേശമുണ്ട്. മേൽപ്രകാരമുള്ള പ്രവർത്തനം ഏറ്റെടുക്കാനുള്ള നിർദ്ദേശങ്ങളൊന്നും പദ്ധതി രൂപീകരണഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പിൽ നിന്നുണ്ടാവുകയോ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുകയോ ചെയ്തിട്ടില്ല. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 വനിത ഘടക പദ്ധതിയിൽ അനിവാര്യമായ പ്രോജക്ടുകൾ ഉൾപ്പെടുത്തിയില്ല

1. വനിതകളുടെ സാമൂഹ്യ – സാമ്പത്തിക പദവി ഉയർത്തുന്നതിന് വനിതാ ഘടക പദ്ധതി രൂപീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശമുള്ളതാണ്. ഇതിന്റെ ഭാഗമായി, ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ, കൗൺസലിംഗ്, ജെന്റർ റിസോഴ്സ് സെന്റർ, ജെന്റർ ഡെസ്ക് രൂപീകരണ പ്രവർത്തനങ്ങളിൽ പ്രോജക്ടുകൾ ഉൾപ്പെടുത്താൻ ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനത്തിനായി 2 ലക്ഷം രൂപയിൽ അധികരിക്കാത്ത പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കാൻ നിർദ്ദേശമുള്ളതാണ്. വനിതാ ഘടക പദ്ധതിയായി ആവിഷ്ക്കരിച്ച 14 എണ്ണത്തിൽ 7 എണ്ണം മാത്രമാണ് നിർവ്വഹണം നടത്തിയത്. ചെലവുശതമാനം 39% മാത്രമാണ്.

2. ഗ്രാമപഞ്ചായത്ത് തല ജാഗ്രതാ സമിതിയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി പഞ്ചായത്ത്തല/ വാർഡ്തല ജാഗ്രതാ സമിതികളുടെ മിനിറ്റ്സ്, സ്ത്രീകളുടെ സാമൂഹ്യപദവി പഠനം നടത്തിയതിന്റെ വിശദാംശം എന്നിവ ആവശ്യപ്പെട്ടതിൽ പഞ്ചായത്ത്തല ജാഗ്രതാ സമിതികളുടെ മിനിറ്റ്സ് മാത്രമാണ് ഹാജരാക്കിയത്. ആയത് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് തീയതി വരെ ആകെ 3 യോഗങ്ങൾ (13.12.2017,18.12.2017,8.11.2018) മാത്രമാണ് ചേർന്നിട്ടുള്ളത്. വനിതാവികസനം വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് പരിശോധിച്ചതിൽ വനിതാഘടകപദ്ധതി പ്രോജക്ടുകൾസംബന്ധിച്ച് ഫലപ്രദമായ ചർച്ചകൾ നടന്നതായി രേഖപ്പെടുത്തലുകളില്ല. നിർവ്വഹണശേഷം മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കണമെന്ന മാർഗ്ഗരേഖാനിർദ്ദേശം പാലിച്ചിട്ടില്ല.

3.കുടുംബശ്രീയുടെ സഹായത്തോടെ നൂതന സംരംഭങ്ങൾ തുടങ്ങാനുള്ള പ്രോജക്ടുകൾ, സ്വയംതൊഴിൽ സംരംഭകരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് വിപണനകേന്ദ്രങ്ങൾ എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്ത് തലത്തിൽ ജാഗ്രതാ സമിതി, വാർഡ് ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ പ്രോജക്ട് തദ്വർഷം ഉൾപ്പെടുത്തിയിട്ടില്ല. ജാഗ്രതാ സമിതികളുടെ നേതൃത്വത്തിൽ വിദ്യാർത്ഥിനികളുടെ/സ്ത്രീകളുടെ സുരക്ഷ, പരാതി പരിഹാരം, കൗൺസിലിംഗ് തുടങ്ങിയവക്കായി സ്കൂളുകളിൽ/തൊഴിൽശാലകളിൽ ജെന്റർ റിസോഴ്സ് സെന്റർ സ്ഥാപിക്കാൻ നിർദ്ദേശമുള്ളതാണ്. ജാഗ്രതാ സമിതികളുടെ പ്രവർത്തനത്തിനും ജെന്റർ റിസോഴ്സ് സെന്റർ പ്രവർത്തനത്തിനും കരാർ അടിസ്ഥാനത്തിൽ യോഗ്യതയുള്ള വനിതയെ കോർഡിനേറ്ററായി നിയമിക്കാൻ വികസന ഫണ്ട് വിനിയോഗിക്കാൻ അനുവാദമുള്ളതാണ്. മേഖലയിൽ നിർദ്ദേശിക്കപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ തുടർനടപടി ഉണ്ടാകേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.5/23.10.2020)

## 1-23 ലൈഫ് ഭവന നിർമ്മാണം - മുൻകൂർ തുക കൈപ്പറ്റി - നിർമ്മാണം പൂർത്തിയായില്ല

വി.ഇ.ഒ. വല്ലച്ചിറ നിർവ്വഹണം നടത്തിയ "ലൈഫ് ഭവന നിർമ്മാണം (ജനറൽ)" എന്ന പ്രൊജക്ട് പ്രകാരം (പ്രൊ. നമ്പർ: 80/19) ശ്രീമതി ഓമന പത്മനാഭൻ, പടിഞ്ഞാറെപുരയ്ക്കൽ ( വാർഡ് 16) എന്ന ഗുണഭോക്താവിന് ഒന്നാം ഗഡു ഇനത്തിൽ മുൻകൂറായി 40,000 രൂപ അനുവദിച്ചിരുന്നു (Try. Bill No/Date: 10/14.10.2018/15,98,200/- A/c No. 6703242107 ). ടിയാരി നാളിതുവരെ തുടർ നിർമ്മാണം നടത്തി തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല എന്ന് പരിശോധനയിൽ കാണുന്നു. ഓഡിറ്റ് വർഷത്തിൽ ആകെ 22 ഗുണഭോക്താക്കൾക്കാണ് മേൽ പ്രൊജക്ട് പ്രകാരം ധനസഹായം നൽകിയിട്ടുള്ളത്. അതിൽ 21 പേർ ഓഡിറ്റ് വർഷത്തിലും തുടർന്നുള്ള വർഷങ്ങളിലുമായി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്നത് മേൽ പരാമർശിക്കപ്പെട്ട ശ്രീമതി ഓമന പത്മനാഭന്റെ ഭവന നിർമ്മാണമാണ്. ആയത് പൂർത്തീകരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ ടിയാരിക്ക് നൽകേണ്ടതും പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതുമാണ്. മുന്നറിയിപ്പുകത്തുകൾ അയച്ചിട്ടും നിർമ്മാണം ആരംഭിക്കാത്ത സാഹചര്യത്തിൽ ടിയാൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം:12:30.10.2020) നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-24 കന്നുകുട്ടി പരിപാലന പദ്ധതി - അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്

പ്രൊജക്റ്റ് നം. 30/19

നിർവ്വഹണോദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ

വകയിരുത്തിയ തുക -

വികസന ഫണ്ട് - 250000/

സംസ്ഥാനവിഹിതം -250000/-

ഗുണഭോക്തൃവിഹിതം -500000/-

ആകെ 100000/-

ചെലവഴിച്ച തുക -

വികസന ഫണ്ട് - 250000/

ബിൽ നം. തി. തുക -06/27.12.18 -175000/-

ബിൽ നം. തി. തുക -07/19.02.19 -75000/-

തൻവർഷം 40 ഗുണഭോക്താക്കളുടെ പഞ്ചായത്ത് വിഹിതമായി (6250/ രൂപ വീതം) 250000/- രൂപ എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. 2019 മാർച്ച് മാസം മുതൽ പദ്ധതി നടപ്പാക്കി. വല്ലച്ചിറ അഗ്രികോസ് സൊസൈറ്റി മുഖേനയാണ് പദ്ധതി നടപ്പാക്കി വരുന്നത്. സൊസൈറ്റി സൂക്ഷിക്കുന്ന തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഇടക്ക് വെച്ച് പദ്ധതിയിൽ നിന്നും പിൻമാറിയതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഉപയോഗപ്പെടുത്തിയ സബ്സിഡി |
|---|---|---|
| 1 | പ്രിൻസി. മുത്തുപീടിക | 615 |
| 2 | ജയ്സൺ, മാങ്ങാൻ. ആറാട്ടുപുഴ | 4920 |
| 3 | രത്ന മുകുന്ദൻ, നാലുമാക്കൽ, വല്ലച്ചിറ | 5535 |
| 4 | രാജൻ.പി.വി. പൂവ്വൻപറമ്പിൽ, വല്ലച്ചിറ | 4305 |
| 5 | ഗോപാലൻ, പൂണത്ത് | 1230 |

സംസ്ഥാനവിഹിതമുൾപ്പടെ എസ്.എൽ.ബി.പി.യിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കുകയോ, ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി- 01/15.10.20)

## 1-25 ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ് മെന്റ് കമ്മിറ്റി) ചട്ടങ്ങൾ, സ.ഉ.(ആർ.റ്റി.) 3379/2014 എച്ച് & എഫ്.ഡബ്ല്യൂ.ഡി തീ.03.12.2004 എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങളിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ രൂപവൽക്കരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. വല്ലച്ചിറ ഗ്രാമപഞ്ചായത്തിലെ HMC ഓഡിറ്റ് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ഹോസ്പിറ്റൽ മാനേജ്മെൻ്റ് കമ്മിറ്റി | രൂപീകൃതമായ വർഷം/ തീയതി | ഓഡിറ്റ് പൂർത്തിയാക്കിയ വർഷം. |
|---|---|---|
| അലോപ്പതി വിഭാഗം, പി.എച്ച്.സി. വള്ളച്ചിറ | 21.11.2008 | 2017-18 |
| ആയുർവ്വേദ വിഭാഗം, ജി.എ.ഡി.വള്ളച്ചിറ | 12.04.2002 | 2014-15 |

ജി.എ.ഡി, വള്ളച്ചിറ 2015-16 മുതൽ 4 വർഷത്തെ വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. രണ്ടു സ്ഥാപനങ്ങളുടെയും അവശേഷിക്കുന്ന വർഷങ്ങളിലെ HMC കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് നൽകേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം.നം.19/2.11.2020)

## 1-26 തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങലും പരിപാലനവും -തുക അധികം നൽകി

പ്രോജക്റ്റ് നം. 11/19

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി.

വകയിരുത്തിയ തുക -900000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

ചെലവ്

2018-19

ബിൽ നം. തീ.തുക -27/29.11.18 -400000/-

ബിൽ നം. തീ.തുക -47/25.03.19 -98000/-

ബിൽ നം. തീ.തുക -48/25.03.19-98000/-

ആകെ -596000/-

തെരുവ് വിളക്ക് പരിപാലനം പദ്ധതിക്ക് വേണ്ടി ഇ-ടെന്റർ നടത്തിയതിന്റെയടിസ്ഥാനത്തിൽ (മെറ്റീരിയലടക്കം റിപ്പയർ ചെയ്യുന്നതിന് ) അമ്മാസ് പവർ കോൺട്രാക്ടേഴ്സ്, കോഴിക്കോട് എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്തു. ആയത് പ്രകാരം കരാർ ചെയ്ത നിരക്ക് താഴെ കൊടുക്കുന്നു.

| ഇനം | നിരക്ക് |
|---|---|
| ഡബിൾട്യൂബ് | 850 |
| 2*11 wt Automatic CFL | 690 |
| 9 wt.CFL | 450 |
| LED | 550 |

തന്വർഷം താഴെ പറയും പ്രകാരം ഇൻവോയ്സുകൾ ഹാജരാക്കിയതിന്റെയടിസ്ഥാനത്തിൽ മേൽ പ്രകാരം 596000/- രൂപയും, സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തി 19-20 സാമ്പത്തിക വർഷം 444000/- രൂപയും കൂടി ആകെ 1040000/- രൂപ കരാർ ഏറ്റെടുത്ത സ്ഥാപനത്തിന് നൽകി. സ്ഥാപനം ഹാജരാക്കിയ ഇൻവോയ്സുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം.തീ | ഇനം | എണ്ണം,തുക | ആകെ |
|---|---|---|---|---|
| 1. | Nil/09.11.18 | 2*40wt ഡബിൾ ട്യൂബ് | 132എണ്ണം@850=112200 | - |
| | | 2*11wt.Auto CFL | 64@690=44160 | |
| | | 9wt.LED ordinary lamp | 832*550=457600 | 613960 |
| 2. | 17.12.18 | 2*40wt ഡബിൾ ട്യൂബ് | 77എണ്ണം @850=65450 | |
| | | 2*11wt.Auto CFL | 50@690=34500 | |
| | | 9wt.LED ordinary lamp | 346@550=190300 | 290250 |
| 3 | 20.02.19 | 2*40wt | 10@850=8500 | |

| | | | | |
|---|---|---|---|---|
| | | ഡബിൾ ട്യൂബ് | | |
| | | 9wt.LED ordinary lamp | 15@550=8250 | |
| | | 2*11wt.Auto CFL | 2@690=1380 | 18130 |
| 4 | 27.02.19 | 2*40wt ഡബിൾ ട്യൂബ് | 2@850=1700 | |
| | | 9wt.LED ordinary lamp | 12@550=6600 | |
| | | 2*11wt.Auto CFL | 3@690=2070 | 10370 |
| 19-20 | | | | |
| 5 | 14.06.19 | 2*40wt ഡബിൾ ട്യൂബ് | 21@850=17850 | |
| | | 2*11wt.Auto CFL | 33@690=22770 | |
| | | 9wt.LED ordinary lamp | 140@550=81950 | 122570 |
| 6 | 144000/- ക്ലെയിം ചെയ്തെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല | | | |
| | | | | 1055780 |

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)18-19, 19-20 വർഷങ്ങളിലായി ആകെ 1055200/- രൂപയുടെ പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്. എന്നാൽ കരാറിലേർപ്പെട്ട സ്ഥാപനത്തിന് ആകെ 1040000/- രൂപ (2018-19 വർഷം 596000/രൂപയും, 19-20 വർഷം 444000/-രൂപയും) നൽകിയിട്ടുണ്ട്. എന്നാൽ ക്രമ നം. 2 ഇൻവോയ്സ് പ്രകാരം 290250/ രൂപ ക്ലെയിം ചെയ്തെങ്കിലും ആയതിനാനുപാതികമായി ലൈറ്റുകൾ റിപ്പയർ ചെയ്ത എണ്ണം സംബന്ധിച്ച് മെമ്പർമാർ ഹാജരാക്കേണ്ട സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ ഇൻവോയ്സ് ഓഡിറ്റ് സമയത്ത് ഹാജരാക്കിയിരുന്നില്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായാണ് ആയത് സമർപ്പിച്ചിട്ടുള്ളത്.

2) CFL ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിന് ടെന്റർ പ്രകാരം 450/രൂപയും LED ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിന് 550/- രൂപയുമാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. 2017-18 വർഷത്തെ സ്പിൽ ഓവർ പ്രോജക്റ്റിലും ട്യൂബ്, സി.എഫ്.എൽ, ഓട്ടോമാറ്റിക് സി.എഫ്.എൽ എന്നിവ മാത്രമാണ് റിപ്പയർ നടത്തിയതായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ തൻവർഷം പഞ്ചായത്ത് പരിധിയിൽ CFL ലൈറ്റുകൾക്ക് പകരം LED ലൈറ്റുകൾ നന്നാക്കിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തൻവർഷം LED ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഏറ്റെടുത്തതായും കാണുന്നില്ല. നിലവിലുണ്ടായിരുന്ന സി.എഫ്.എൽ ലൈറ്റുകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. വിവരാവകാശ നിയമപ്രകാരം നൽകിയ മറുപടിയിലും LED ലൈറ്റുകൾ നിലവിൽ ഇല്ല എന്നു തന്നെയാണ് മറുപടി നൽകി കാണുന്നത്. മാത്രമല്ല രണ്ടു വർഷങ്ങളിലായി ആകെ 1008 (832+15+12+149)LED ലൈറ്റുകൾ റിപ്പയർ ചെയ്തതിന് 550 രൂപ പ്രകാരം നൽകിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് രജിസ്റ്റർ എഴുതിസൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യതപരിശോധിക്കുവാൻ സാധിച്ചിട്ടില്ല. തൻവർഷം ഏതിനം തെരുവ് വിളക്കുകളാണ് റിപ്പയർ ചെയ്തത് എന്നത് സംബന്ധിച്ച് രേഖകൾലഭ്യമാക്കുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച 1040000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

4) കെ.എസ്.ഇ.ബി.യുമായിസംയുക്തപരിശോധന നടത്തിതെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## I-27 പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ ചേർക്കുന്ന പ്രോജക്ടുകളുടെ പൂർത്തീകരണ സാക്ഷ്യപത്രം/ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ | പ്രോജക്ടിന്റെ പേരു വിവരം | ഫണ്ടു സംബന്ധിച്ച | വൗച്ചർ നം. | തുക (₹) | പരിശോധനയ്ക്ക് ഹാജരാക്കാത്ത |
|---|---|---|---|---|---|

| നം. | | വിവരം | | | രേഖകൾ |
|---|---|---|---|---|---|
| 1 | 2/2019 IKM പ്രവർത്തന ഫണ്ട് | വികസനഫണ്ട് | 14/21.07.18 | 62833/- | IKM-ൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം |
| 2 | പ്രോജക്റ്റ് നം. 133/19 അങ്കണവാടി കെട്ടിടങ്ങൾക്ക് (35,43,93,96) കുടിവെള്ള കണക്ഷൻ - | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 20/19.09.18 | 50000/- | കേരളവാട്ടർ അതോറിറ്റിയിൽ നിന്നുള്ള കൈപ്പറ്റ് രശീത്, പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം |
| | | തുക | | 1,12,833 | |

പ്രവൃത്തി പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-28 വാഴകൃഷിക്ക് വളം സബ്സിഡി-തുക അധികം നൽകി

നിർവ്വഹണോദ്യോഗസ്ഥൻ -കൃഷിഓഫീസർ

മേൽ പദ്ധതി പ്രകാരം ഗുണഭോക്താക്കൾ നേരിട്ട് വളം വാങ്ങി ഇൻവോയ്സ് ഹാജരാക്കുന്ന മുറക്ക് സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്യുന്നത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ചെലവിന്റെ 75% ആണ് സബ്സിഡിയായി നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ചെലവഴിച്ച തുകയുടെ ആനുപാതികമായിട്ടല്ല സബ്സിഡി തുക കൈമാറിയിട്ടുള്ളത്.

വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം./ ബിൽ നം. തി | ഗുണഭോക്താവിന്റെ പേര് | ഇൻവോയ്സ് പ്രകാരമുള്ള തുക | നൽകേണ്ട തുക | നൽകിയ തുക | അധികം |
|---|---|---|---|---|---|---|
| 1 | 135/19, 5/8.07.18-59128 | സനീഷ്.പി.വി. | 9350 | 7013 | 7565 | 552 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 135/19, 6/18.5.18 129997/- | തോമസ്.കെ.ഒ. കാച്ചപ്പിള്ളി | 32025 | 24026 | 25006 | 980 |
| 3 | 28/19 39/25.03.19 262392 | ബാലൻ.വി.കെ വടക്കേടത്ത് | 1108 | 831 | 2835 | 2004 |
| 4 | 28/19, 39/25.03.19 262392 | അഗസ്റ്റി.പി.ടി. പിടിയത്ത് | 4010 | 3008 | 29795 | 26787 |
| 5 | 28/19, 39/25.03.19 262392 | ചന്ദ്രശേഖരൻ.പി.എൻ. | 3050 | 2287 | 4000 | 1713 |
| 6 | 28/19, 39/25.03.19 262392 | സുരേന്ദ്രൻ.ടി.എൻ താഴത്ത് | 4130 | 3098 | 5812 | 2714 |
| 7. | 28/19, 39/25.03.19 262392 | സുശീല.കെ.കെ. പള്ളത്താട്ടിൽ | 10166 | 8996 | 10166 | 1170 |
| | | ആകെ | | | | 35920 |

മേൽ പദ്ധതി പ്രകാരം താഴെ പറയും പ്രകാരമുള്ള തുക ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ടെങ്കിലും വളം വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. ബിൽ നം. തി തുക | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|---|---|
| 1 | 28/19, 39/25.03.19 262392 | ശിവശങ്കരൻ.എം. മേല്പുവീട്ടിൽ | 2190/- |
| 2 | 28/19, 39/25.03.19 262392 | വാസന്തിമണി വടക്കൂട്ട് | 6000/- |

| | | | |
|---|---|---|---|
| 3 | 28/19, 39/25.03.19 262392 | രാജീവൻ പൊന്നോത്ത് | 1195/- |
| 4 | 135/19 ബിൽ നം.11/18.05.18 തുക -- 92622 | ശിവരാമൻ.വി.എസ്. | 3804 |
| | | | 13189 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി (ഓഡിറ്റ് എൻക്വയറി-15/30.10.20) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കുന്നതു വരെ, ചെലവഴിച്ച 49109/- (35920+13189) തുപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 തെങ്ങിന് ജൈവവളം -രേഖകൾ ഹാജരാക്കിയിട്ടില്ല.

എ)തെങ്ങുകൃഷി വികസനം -ജനറൽ
പ്രോജക്റ്റ് നം. 36/19
വകയിരുത്തിയ തുക –
പദ്ധതി വിഹിതം -300000/-
ഗുണഭോക്തൃവിഹിതം -140000

മേൽ പദ്ധതി പ്രകാരം ഗുണഭോക്താക്കൾ നേരിട്ട് വളം വാങ്ങി ഇൻവോയ്സ് ഹാജരാക്കുന്ന മുറക്ക് സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്യുന്നത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ചെലവിന്റെ 75% ആണ് സബ്സിഡിയായി നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ചെലവഴിച്ച തുകയുടെ ആനുപാതികമായിട്ടല്ല സബ്സിഡി തുക കൈമാറിയിട്ടുള്ളത്.

വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബിൽ നം. തി | ഗുണഭോക്താവിന്റെ പേര് | ഇൻവോയ്സ് പ്രകാരമുള്ള തുക | നൽകേണ്ട തുക | നൽകിയ തുക | അധികം |
|---|---|---|---|---|---|---|
| 1 | 37/24.01.19 | അമ്മിണി.പി.ആർ. കൊടക്കാട്ടിൽ | 4450/- | 3338 | 4035 | 697 |
| 2 | 37/24.01.19 | ലതിക.എം.മുല്ലപ്പള്ളി | ഇൻവോയ്സ് | -- | 4700/- | 4700 |

| | | | | | | |
|---|---|---|---|---|---|---|
| | | | ഹാജരാക്കിയിട്ടില്ല. | | | |
| | | | | | | 5397 |

ബി)തെങ്ങിന് ജൈവവളം -(സ്പിൽ ഓവർ )

പ്രോജക്റ്റ് നം. 134/19

ബിൽ നം. തിയ്യതി -01/18.05.18 -330000/-

മേൽ പദ്ധതി പ്രകാരം തെങ്ങിന് ജൈവവളം വാങ്ങുന്നതിന്റെ ഇൻവോയ്സ് ഹാജരാക്കുന്ന മുറക്ക് സബ്സിഡി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് കൈമാറുകയാണ് ചെയ്യിട്ടുള്ളത്. എന്നാൽ ശ്രീ.അനന്ത കൃഷ്ണന് 15409/- രൂപ സബ്സിഡിയിനത്തിൽ നൽകിയെങ്കിലും ഫയൽ, ഇൻവോയ്സ് എന്നിവ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി-നം.). ഫയൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. 20806/-(15409+5397) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 നെൽകൃഷി കൂലിചെലവ് പദ്ധതി -രേഖകൾ ഹാജരാക്കിയിട്ടില്ല.

എ)നെൽകൃഷി കൂലിചെലവ് സബ്സിഡി-ജനറൽ

പ്രോജക്റ്റ് നം. 29/19
നിർവ്വഹണോദ്യോഗസ്ഥൻ -കൃഷി ഓഫീസർ.

വകയിരുത്തിയ തുക -

പദ്ധതി വിഹിതം -180000

ജില്ലാപഞ്ചായത്ത് വിഹിതം -174000

ബ്ലോക്ക് പഞ്ചായത്ത് വിഹിതം -174000/-

ആകെ -528000/-

ചെലവ്

ബിൽ നം. 34/13.12.18 -27778

51 ,, -46/21.03.19 -25039

,, -47/24.03.19 -96549

,, -48/24.03.19-1488

,, -51/27.03.19 -13669

ചെക്ക് നം. തി -2083837/26.03.19 -1488

,, -2083832/20.03.19 -149366

,, -2083836/26.03.19 -197146

മേൽ പ്രൊജക്റ്റ് പ്രകാരം പദ്ധ തി വിഹിതം 164523/ രൂപയും ജില്ലാപഞ്ചായത്ത് വിഹിതം 174000/ രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതം 174000/- രൂപയും കൂടി ആകെ 512523/ രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ജില്ലാപഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവ ചെലവഴിച്ചതിന്റെ 348000/- രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ബി)നെൽകൃഷി കൂലിചെലവ് -വനിത പദ്ധതി
പ്രൊജക്റ്റ് നം. 38/19
വകയിരുത്തിയ തുക -
പ്ലാൻഫണ്ട് -70812
ബ്ലോക്ക് വിഹിതം -89250
ജില്ലാപഞ്ചായത്ത് വിഹിതം -89250
ആകെ258500/-
ചെലവ്
ബിൽ നം. 45/21.03.19 -47770/-
33/13.12.18 -23042
ചെക്ക് നം. തി.2083836/26.03.19 -36547
ചെക്ക് നം. തി.2083832/20.03.19-10843
ചെക്ക് നം. തി.2083832/20.03.19-23423

തൻവർഷം ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 70813 രൂപയും,പദ്ധതി വിഹിതമിനത്തിൽ 70812 രൂപയും കൂടി ആകെ 141625/ രൂപ ചെലവഴിച്ചിട്ടുണ്ട്. ജില്ലാപഞ്ചായത്ത് വിഹിതം 19-20 വർഷത്തിലാണ് ചെലവഴിച്ചിട്ടുള്ളത്. ബ്ലോക്ക് വിഹിതമിനത്തിൽ ചെലവഴിച്ച 70813 രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

രേഖ പ്രകാരം രേഖകൾ ഹാജരാക്കാത്തതിനാൽ 418813(174000+174000+70813) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി -27/02.11.20)

## I-31 മരാമത്ത് പ്രവൃത്തികൾ-അവലോകനം; PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.

1. ഗ്രാമപഞ്ചായത്ത് തൻവർഷം 63 പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും 39 എണ്ണത്തിൽ മാത്രമാണ് തുക ചെലവഴിക്കാനായത്. ആകെ അടങ്കൽ തുക 18205964 രൂപ ചെലവ് 11030192 രൂപ ചെലവു ശതമാനം 61% മാത്രമാണ്.
2. ആവിഷ്കരിച്ച് നിർവ്വഹണം നടത്തുന്നത് കൂടുതലും റോഡ് പ്രവൃത്തികളാണ്. ഫണ്ടുകൾ വാർഡുതലത്തിൽ വിഭജിച്ച് പദ്ധതി ആവിഷ്കരിക്കുന്ന രീതി തന്നെ തൻവർഷവും തുടരുന്നു. ഒരു റോഡ് മുൻഗണന ക്രമത്തിൽ അതിന്റെ മുഴുവൻ നീളത്തിലും നിർമ്മാണം അറ്റകുറ്റപ്പണി നടത്തുന്നില്ല. അനുബന്ധ പ്രവൃത്തികളായ കാന നിർമ്മാണം, സൈഡ് കെട്ടൽ എന്നിവയുടെ സ്ഥിതിയും വ്യത്യസ്തമല്ല ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്.
3. പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 11/2018/തസ്വഭവ. തിരു തിയതി 29.01.2018 ലെ 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലുള്ള നിയന്ത്രണത്തിലുള്ള റോഡ് റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കേണ്ടതാണ്. പഞ്ചായത്ത് ഈ നിർദ്ദേശം പ്രവർത്തികമാക്കിയതായി രേഖകൾ ലഭ്യമായിട്ടില്ല.
4. ഓരോ തദ്ദേശ ഭരണസ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണമെന്ന നിർദ്ദേശം വർഷങ്ങളായി പദ്ധതി മാർഗ്ഗരേഖകളിൽ സർക്കാർ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. സ.ഉ. 11/2018 ലെ ഖ 7.13.1 പ്രകാരം നിർദ്ദേശം ആവർത്തിച്ചിട്ടുണ്ട്. തൻവർഷത്തിലും പഞ്ചായത്തിൽ ഈ നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടില്ല.
6.ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോൽസാഹിപ്പിക്കുന്നതിന് ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.
7.ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നത് 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ വ്യക്തമായി പറഞ്ഞിട്ടുള്ള സംഗതികൾ ഒഴികെ മറ്റു സംഗതികളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണ് എന്ന് ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്. പൊതു മരാമത്ത് വകുപ്പിൽ നിലവിൽ 2012 ലെ പൊതു മരാമത്ത് മാന്വൽ അടിസ്ഥാനമാക്കിയാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. എന്നാൽ കരാർ ചമക്കൽ, പ്രവൃത്തി പൂർത്തീകരണ കാലാവധി, നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തൽ എന്നിവയിൽ പൊതുമരാമത്ത് മാന്വലിലെ നിർദേശങ്ങൾ പഞ്ചായത്തിൽ പാലിക്കുന്നില്ല എന്ന് കാണുന്നു.

**പ്രവൃത്തി പൂർത്തീകരണ കാലയളവ്** പൊതുമരാമത്ത് മാന്വൽ പ്രകാരം മരാമത്തിന്റെ പൂർത്തീകരണ കാലാവധി ശാസ്ത്രീയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ശരിയായി വിശകലനം ചെയ്ത് Tender Schedule ൽ

വ്യക്തമാക്കണം. കാലാവസ്ഥാ വ്യതിയാനം, പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം, വിവിധ ഇനങ്ങൾക്ക് ആവശ്യമായ സമയ ക്രമം (Curing etc), മറ്റെല്ലാ ഘടകങ്ങളും സമയ പരിധി നിശ്ചയിക്കുന്നതിന് പരിഗണിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി സൈറ്റ് കൈമാറുന്ന തിയതി മുതൽക്കാണ് കണക്കാക്കുന്നത് (കേരള പൊതുമരാമത്ത് മാന്വൽ 2012 Section 2005). എന്നാൽ പല പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് നിശ്ചയിക്കുന്നതിൽ മേൽ നിർദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല. റോഡ് കോൺക്രീറ്റ്, ടാറിംഗ് ഉൾപ്പെടെ കുറഞ്ഞ കാലയളവിൽ പൂർത്തീകരിക്കാവുന്ന പ്രവൃത്തികൾക്ക് പോലും ആറ് മുതൽ ഒൻപത് മാസം വരെ പൂർത്തീകരണ കാലയളവ് നൽകിയിട്ടുണ്ട്.

**കാലാവധി ദീർഘീകരണം (Extension of Time) & പിഴ** പൊതുമരാമത്ത് മാന്വൽ പ്രകാരം കരാറുകാരന്റെതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. ഇപ്രകാരം അപേക്ഷിക്കുമ്പോൾ പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പീരിഡ് ആയി അനുവദിക്കാവുന്നതാണ്. കരാറുകാരന്റെ പിഴവ് മൂലം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണ സമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ പരമാവധി ആറ് മാസം, ഏതാണൊ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചുനൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ, പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാവുന്നതല്ല ഈ കാലാവധിയ്ക്ക് ശേഷവും പൂർത്തീകരിക്കാത്ത പ്രവർത്തി ആധികാരികമല്ല. ഇപ്രകാരമുള്ള പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. (പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 (ജി.ഒ. (പി) 13/2012/PWD/01.02.2012), സെക്ഷൻ 2112 പ്രകാരം) എന്നാൽ പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് 2012 PWD മാന്വലിലെ മേൽ നിബന്ധനകൾ അല്ല പഞ്ചായത്തിൽ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നതായും കാണുന്നില്ല.

**പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല.** ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ എന്ത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ പിഴ സംബന്ധിച്ച് പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദേശങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടുമില്ല.
മരാമത്ത് നടത്തിപ്പുമായി ബന്ധപ്പെട്ട മേൽ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ ഓഡിറ്റ് എൻക്വയറിക്ക് (നം.11.30.10.2020) നൽകിയ മറുപടിയിൽ വ്യക്തമാക്കി. ഭാവിയിൽ കരാറുകാരുമായി കരാർ ചമയ്ക്കുമ്പോൾ പുതിയ PWD മാന്വൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ കരാറിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## I-32 പ്രവൃത്തി കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല-പിഴ ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവൃത്തി കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. കരാറുകാർ ചമച്ച കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. GO(P) 13/2012/PWD/01-01-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരൻ, കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി AE മുഖേന, കാലാവധി തീരുന്നതിന് മുമ്പായി, അപേക്ഷിക്കേണ്ടതും AE ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം, (ഏതാണ് കുറവ് അത്) നിരക്കിലും പരമാവധി 50% വരെയും ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ അപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. ആയതിനാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കാത്തത് വിശദമാക്കേണ്ടതാണ്. മാത്രമല്ല, മേൽ ചട്ട പ്രകാരം കരാർ കാലാവധിക്ക് ശേഷം കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷിക്കുകപോലും ചെയ്യാതെ കരാറുകാരൻ പ്രവൃത്തി സ്ഥലത്ത് ചെയ്യുന്ന പ്രവൃത്തികൾ അനധികൃതവുമാണ്.

വിശദാംശം താഴെ കൊടുക്കുന്നു.

### 1) വിവിധ അങ്കണവാടികളുടെ മെയിന്റനൻസ്-പിഴ ഈടാക്കിയിട്ടില്ല.

അടങ്കൽ: 1000000 രൂപ

കരാറുകാരൻ: ശ്രീ. ബെന്നി.സി.എ.

കരാർ: 08/17-18/AE/LSGD/VLA dt.20-9-17

കരാർ തുക: 957688/- രൂപ

അളവ് പുസ്തകം: 78/17-18,80/17-18

കരാർ കാലവധി: 5 മാസം(as per tender specification)

പൂർത്തീകരിക്കേണ്ടതീയതി: 19.02.18

പൂർത്തീകരിച്ചതീയതി: 07-8-18 (അളവ് പുസ്തകം പേജ് 83/17-18)

ചെലവ്: 957688/- രൂപ (ട്രഷറി ബിൽ നം. തി.17/2.11.18-445337.

3/29.06.18-512351/-

2)പാറക്കുളം അങ്കണവാടി മിനി സ്റ്റേഡിയം റോഡ്

അടങ്കൽ: 318000 രൂപ

കരാറുകാരൻ: ശ്രീ. യു.എൻ. രാമകൃഷ്ണൻ

കരാർ: 28//AE/LSGD/VLA dt.29-3-17

കരാർ തുക: 318000/- രൂപ

അളവ് പുസ്തകം: 131/16-17,78/16-17

കരാർ കാലാവധി: 3 മാസം(TSorder)

പൂർത്തീകരിക്കേണ്ടതീയതി: 28.06.17

പൂർത്തീകരിച്ചതീയതി: 30-12-17(AEഅളവ്. എടുത്ത തിയ്യതി (എംബുക്ക് നം. 131/16-17 പേജ് 31)

ചെലവ്: :-314211/-രൂപ (ട്രഷറി ബിൽ നം.,തി.9/20.06.18-143000,10/20.06.18-171211/-

മേൽ പ്രവൃത്തികളുടെ പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി -16/30.10.20)

## 1-33 കുഴിച്ചെടുത്ത മണ്ണ്-വിനിയോഗരേഖകളുടെ അഭാവത്തിൽ ചെലവുതുക 10,18,912രൂപ തടസ്സപ്പെടുത്തുന്നു.

2018-19 വർഷത്തിൽ പുതിയതും സ്പിൽഓവറുമായി 10 കാനനിർമ്മാണപ്രവൃത്തികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. കാനനിർമ്മാണത്തിന്റെ ഭാഗമായി കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗവിവരവും അനുബന്ധ പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ്അന്വേഷണം (17/30.10.2020) നൽകിയതിന് അസി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടി (NO:A1/AE/LSGD/VLA/2.11.2020) പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

29.12.2017 ലെ 8(1) നം. തീരുമാനം പ്രകാരം ഗ്രാമപഞ്ചായത്തിലെ കോൺക്രീറ്റ് കാനനിർമ്മാണ പ്രവൃത്തികളിൽ നിന്നും ലഭ്യമായ ചുവന്ന മണ്ണ് അതത് വാർഡുകളിലെ മൺറോഡുകൾ ഫിൽ ചെയ്യുന്നതിനും ആവശ്യമില്ലെങ്കിൽ മിനിസ്റ്റേഡിയം ഗ്രൗണ്ടിൽ നിക്ഷേപിക്കുന്നതിനും തീരുമാനിച്ചിരുന്നു. സ്റ്റേഡിയം ഗ്രൗണ്ടിൽ നിക്ഷേപിക്കപ്പെട്ട മണ്ണിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം./അടങ്കൽ തുക | ചെലവു തുക/ ട്രഷറി ബിൽ നം. | കുഴിച്ചെടുത്ത മണ്ണിന്റെ വിശദാംശം | റിമാർക്ക് |
|---|---|---|---|---|
| 1. | 171/18<br>മിനി സ്റ്റേഡിയം റോഡ് ഡ്രെയിൻ(W11)<br>561787 | 561786<br>7/20.6.2018 | 133.43m3<br>MB NO.79/17-18<br>Pg.4 | മിനിസ്റ്റേഡിയം ഗ്രൗണ്ട് ഫിൽ ചെയ്യാൻ ഉപയോഗിച്ചു. |
| 2. | 167/18<br>പള്ളിശ്ശേരി-പനംകുളം റോഡ് കോൺക്രീറ്റ്ഡ്രെയിൻ(W8)<br>463532 | 443910<br>8/20.6.2018 | 95.132m3<br>MB NO.72/17-18<br>Pg.4 | മിനിസ്റ്റേഡിയം ഗ്രൗണ്ട് താഴ്ന്ന ഭാഗം ഫിൽ ചെയ്യാൻ ഉപയോഗിച്ചു. |
| 3. | 169/18<br>പുതുക്കുളങ്ങര പാടം റോഡ് കോൺക്രീറ്റ്ഡ്രെയിൻ(W13,14)<br>675991 | 635161<br>14/23.8.2018 | 134.58m3<br>MB NO.73/17-18<br>Pg.4 | മിനിസ്റ്റേഡിയം ഗ്രൗണ്ട് താഴ്ന്ന ഭാഗം ഫിൽ ചെയ്യാൻ ഉപയോഗിച്ചു. |
| 4. | 95/19<br>കാരമുക്ക് കീർത്തി റോഡ് ഡ്രെയിൻ(W12)<br>297304 | 297304<br>20/27.11.2018 | 58.52m3<br>MB NO.86/17-18<br>Pg.1,2 | മിനിസ്റ്റേഡിയം ഗ്രൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്തു. |
| 5. | 94/19<br>ഇളംകുന്ന് സെമിത്തേരി റോഡ് ഡ്രെയിൻ(W11)<br>364551 | 363264<br>22/31.12.2018 | 86.87m3<br>MB NO.89/17-18<br>Pg.3 | മിനിസ്റ്റേഡിയം ഗ്രൗണ്ടിൽ സ്റ്റോക്ക് ചെയ്തു. |

| | | | | |
|---|---|---|---|---|
| 6 | 93/19 ചിറേങ്ങര റോഡ് ഡ്രെയിനേജ്(W10) 358538 | 358344 21/31.12.2018 | 80.06m3 MB NO.92/17-18 pg.no.3 | മിനിസ്റ്റേഡിയം ഗ്രൗണ്ടിൽ സ്റ്റാക്ക് ചെയ്തു. |
| | ആകെ | 26,39,769രൂപ | 588.592m3 | |

എന്നാൽ പുതിയ സ്റ്റേഡിയത്തിന്റെ നിർമ്മാണപ്രവൃത്തികൾ നടക്കുന്നതിനാൽ മേൽപട്ടിക പ്രകാരം നിക്ഷേപിക്കപ്പെട്ട മണ്ണ് നീക്കം ചെയ്യാൻ പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തു. (15.01.2019 തീയതിയിലെ 12/1 നം.തീരുമാനം) നീക്കം ചെയ്യുന്ന മണ്ണ് ലേലം ചെയ്യേണ്ടതില്ലെന്നും ഭൂരിപക്ഷാഭിപ്രായത്തിൽ തീരുമാനിച്ചു. പഞ്ചായത്തിലെ വിവിധ വാർഡുകളിലെ മണ്ണിട്ട് ഉയർത്തേണ്ട വഴികളിൽ ആയത് ഉപയോഗിക്കാനാണ് തീരുമാനമെടുത്തതെങ്കിലും ഇതു സംബന്ധിച്ച വിശദാംശം ലഭ്യമായിട്ടില്ല. 15.01.2019 ലെ തീരുമാനത്തിനനുസൃതമായി, കാനനിർമ്മാണവുമായി ബന്ധപ്പെട്ട് 361.10m3 കട്ട് എർത്ത് പഞ്ചായത്തിലെ മിനിസ്റ്റേഡിയത്തിൽ സ്റ്റാക്ക് ചെയ്തിട്ടുള്ളതിന്റെ വാല്വേഷൻ റിപ്പോർട്ട് അടങ്ങിയ ചേർപ്പ് ബ്ലോക്ക് അസി.എക്സി.എഞ്ചിനീയർക്ക് നൽകിയ 31.01.2019ലെ NO.D1/AE/LSGD/VLA/18-19നം.കത്ത് അസി.എഞ്ചിനീയർ മറുപടിക്കൊപ്പം ലഭ്യമാക്കി. വാല്വേഷൻ റിപ്പോർട്ട് പ്രകാരം M3 ന് 219 രൂപ വെച്ച് 361.10m3 മണ്ണിന് 79081 രൂപയാണ് കണക്കാക്കിയിരിക്കുന്നത്. മണ്ണ് ലേലം ചെയ്യേണ്ടതില്ലെന്ന് വിയോജനക്കുറിപ്പോടെ ഭരണസമിതി തീരുമാനമുണ്ടെങ്കിലും സ്റ്റാക്ക് ചെയ്യപ്പെട്ട മണ്ണ് എപ്രകാരം വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുന്ന രേഖകളൊന്നും തന്നെ അസി.എഞ്ചിനീയർ/സെക്രട്ടറി മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടില്ല. അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയതനുസരിച്ച് മേൽ ക്രമ നം1,2,3 പ്രവൃത്തികളിൽ ലഭ്യമായ മണ്ണ് സ്റ്റേഡിയത്തിൽ നിരപ്പാക്കിയതായി കണക്കാക്കി, ക്രമ നം: 4,5,6 പ്രവൃത്തികളുടെ ആകെ ചെലവുതുക 10,18,912 രൂപ (വിനിയോഗവിവരം രേഖകൾ സഹിതം ലഭ്യമാക്കുന്നതുവരെ )തടസ്സപ്പെടുത്തുന്നു.

## 1-34 ആസ്തി രജിസ്റ്റർ നവീകരിച്ച് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ കാലികമല്ല. റോഡ് ആസ്തികൾ സംബന്ധിച്ച് പഴയവിശദാംശങ്ങൾ ഡിജിറ്റലൈസ് ചെയ്തതിന്റെ പ്രിന്റൗട്ടുകളാണ് ആസ്തി രജിസ്റ്റർ എന്ന പേരിൽ പരിശോധനക്ക് ലഭ്യമാക്കിയത്. പദ്ധതികൾ പൂർത്തീകരിച്ചാൽ ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കണമെന്ന പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലെ (സ.ഉ. (കൈ) നം. 11/2018/ തസ്വഭവ തി.24-1-2018) ഖണ്ഡിക 11.4 (2) ലെ നിബന്ധനകൾ പാലിച്ചിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് ഭരണസമിതി തീരുമാനങ്ങൾ എടുക്കുന്നുണ്ടെങ്കിലും ആയത് പ്രാവർത്തികമാക്കിയതിന്റെ രേഖകൾ ലഭ്യമായിട്ടില്ല. ഉദാ:18.04.2018ലെ 8(1) തീരുമാനം, 20.06.2018ലെ 19(1) തീരുമാനം. ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത റോഡുകൾ, പുറമ്പോക്കു സ്ഥലങ്ങൾ അളന്നു തിട്ടപ്പെടുത്തി ഉൾച്ചേർക്കുന്നതിനും ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുമുള്ള തീരുമാനങ്ങളാണിവ. ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ 02.08.2018 ലെ ജെ-22652/2018 നമ്പർ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് ആസ്തി പരിപാലന കമ്മിറ്റി പഞ്ചായത്ത് തലത്തിൽ രൂപവൽകരിച്ചിട്ടുണ്ട്. (18.8.2018 ലെ 9(1) ഭരണസമിതി തീരുമാനം) കമ്മിറ്റി പ്രവർത്തിക്കുന്നുണ്ടെങ്കിൽ യോഗ

മിനിറ്റ്സ് പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല. പ്രൊജക്ട് ഫയലും ആസ്തി രജിസ്റ്ററുമായി പരിശോധിക്കുമ്പോൾ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. ഉദാ:(i)പ്രൊജക്ട് നം.124/18 മിച്ചഭൂമി റോഡ് റീടാറിംഗ്(W3)-പ്രൊജക്ടിൽ ആസ്തിയുടെ യുണീക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

(ii) പ്രൊജക്ട് നം.71/19 ഞങ്ങാമൂച്ചി ഗോപാലൻ റോഡ്(W2)-പ്രൊജക്ടിലെ ആസ്തി നം.17670105900000001;ആസ്തി രജിസ്റ്ററിലെ നം.17671050000000072.ഓഡിറ്റ് അന്വേഷണത്തിനു (നം.11,24/30.10.20)അപാകതകൾ ഭാവിയിൽ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-35 കമ്പ്ടേഷൻ മുഖേന നടപ്പാക്കിയ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയുടെ ചെലവുരേഖകൾ ലഭ്യമാക്കിയില്ല-10,000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നം.165/19 പഞ്ചായത്ത് ഓഫീസ് നവീകരണം(W3)

അടങ്കൽ തുക:484416

ചെലവുതുക:4,65,941

ട്രഷറി ബിൽ നം:31/18-19/11.03.2019

കോൺട്രാക്ടർ-ഷാജി കുട്ടാട്ടി, പോട്ട

എഗ്രിമെന്റ് നം:3/AE/LSGD/VLA/16.09.2017

M.B.No.82/17-18

M.B.No.84/17-18

റിവൈസ്ഡ് എസ്റ്റിമേറ്റ് ടി.എസ്.നം. RE/25/AEE/LSGD/CBB/18-19dt.7.12.18 പ്രകാരം 17-ാമത്തെ ഇനമായി ഇലക്ട്രിഫിക്കേഷൻ വർക്കിന് 10,000രൂപ ലംപ്സം തുക വെച്ച് ആയത് കോൺട്രാക്ടർക്ക് ബില്ലിൽ ഉൾപ്പെടുത്തി നല്കിയിട്ടുണ്ട്. 15.11.2018ലെ 1(1) തീരുമാനപ്രകാരം കമ്പ്ടേഷൻ മുഖേന പ്രവൃത്തി നടത്തിയെന്ന് MB No.84 പേജ് 24ൽ രേഖപ്പെടുത്തിയിട്ടുണ്ട്. MB No.45 പ്രകാരം 10,000 രൂപ ആകെ പ്രവൃത്തിമൂല്യത്തോടൊപ്പം കൂട്ടി കോൺട്രാക്ടർക്കു നൽകിക്കാണുന്നു. പഞ്ചായത്ത് കമ്മിറ്റി തീരുമാനം, കമ്പ്ടേഷൻ രേഖകൾ, പ്രവൃത്തിയുടെ വിശദാംശം-എസ്റ്റിമേറ്റ്, വൗച്ചറുകൾ ഒന്നും തന്നെ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. ചെലവുരേഖകൾ ലഭ്യമാക്കുന്നതുവരെ 10,000 രൂപ തടസ്സത്തിൽവെയ്ക്കുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22.07.2019,23.07.2019 | നം:കെ.എസ്.എ.ടി.എസ്.ആർ.(എസ്.1)1120/19/14.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 174000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി(ജനറൽ) | 174000 | 0 |
| | 2018-19 | 89250 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി(വനിത) | 70813 | 18437 |
| | 2018-19 | 150000 | പാലിന് സബ്സിഡി | 150000 | 0 |
| | 2018-19 | 83550 | അനുപൂരകപോഷകാഹാരം(ജനറൽ) | 83550 | 0 |
| | 2018-19 | 892361 | ലൈഫ് മിഷൻ ഭവനനിർമാണം | 892361 | 0 |
| | 2018-19 | 100000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ്(ജനറൽ) | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 174000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി(ജനറൽ) | 174000 | 0 |
| | 2018-19 | 590114 | ലൈഫ് മിഷൻ ഭവനനിർമാണം | 590114 | 0 |
| | 2018-19 | 200000 | പാലിന് സബ്സിഡി | 131880 | 68120 |
| | 2018-19 | 50000 | പെയിൻ &പാലിയേറ്റീവ് കെയർ | 50000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | അങ്കണവാടി കെട്ടിടങ്ങൾക്ക് കുടിവെള്ള കണക്ഷൻ എസ്.ഒ-133/19 | 4180022 | 50000/- | 50000/- | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ ഭവന വായ്പ | | 2779100 | 0 | ഇല്ല | ഇല്ല | 2779100 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 9300 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 9300 |
| തനാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 9300 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം കുർക്കഞ്ചേരി റീജ്യണൽ ഇമിറ്റേഷൻ ഡയമണ്ട് മാനുഫാക്ചറിംഗ് ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റി | തുക 9300 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| ഓഡിറ്റ് സമയത്ത് തിരിച്ചടച്ച തുക | 2017-18 ഓഡിറ്റ് എൻക്വയറി | 10,746 | ഉഷ.സി സെക്രട്ടറി | 118080100405/ 23.04.2018 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-4 | 2016-17 | 2-4 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്തതിനാൽ പൂർണ്ണമായി പിരിച്ചെടുത്തിട്ടില്ല. | - |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 66438506 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57323464 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2624143 |
|---|---|

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 66503 | പി.ഉമ ഉണ്ണികൃഷ്ണൻ, സെക്രട്ടറി |
| 1-26 | 10,40,000 | പി.ഉമ ഉണ്ണികൃഷ്ണൻ, സെക്രട്ടറി |
| 1-28 | 49109 | ശ്രീമതി.ഷിത സി.ആർ,കൃഷിഓഫീസർ |
| 1-29 | 20,806 | ശ്രീമതി.ഷിത സി.ആർ,കൃഷിഓഫീസർ |
| 1-30 | 418813 | ശ്രീമതി.ഷിത സി.ആർ,കൃഷിഓഫീസർ |
| 1-33 | 10,18,912 | ശ്രീമതി.ശുഭ പി.വി.അസി.എഞ്ചിനീയർ |
| 1-35 | 10,000 | ശ്രീമതി.ശുഭ പി.വി,അസി.എഞ്ചിനീയർ. |
| ആകെ | 26,24,143 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ. മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.ഉമ ഉണ്ണികൃഷ്ണൻ, സെക്രട്ടറി | സെക്രട്ടറി<br>വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് | രാരനത്ത് വീട്,<br>ചിറ്റിശ്ശേരി പി.ഒ<br>തൃശ്ശൂർ,പിൻ680301 |

| | | |
|---|---|---|
| ഷിത സി.ആർ. കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>വല്ലച്ചിറ ഗ്രാമപഞ്ചായത്ത് | ചങ്കരത്ത് വീട്<br>പുറനാട്ടുകര പി.ഒ<br>പിൻ 680551 |
| ശുഭ പി.വി. അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>വല്ലച്ചിറ ഗ്രാമപഞ്ചായത്ത് | തെക്കുംപുള്ളി വീട്<br>ആറാട്ടുപുഴ പി.ഒ<br>പിൻ 680562 |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1980-81 | എൽ.എഫ്.ടി.എസ്(2)-769/11/26.7.11/11.8.11 | 1 | |
| 1981-82 | | 1 | |
| 1983-84 | | 1 | |
| 1984-85 | | 6 | |
| 1985-86 | | 1 | |
| 1986-87, 87-88 | | 1 | |
| 1988-89 | | 15 | |
| 1989-90 | | | |
| 1990-91 | | | |
| 1991-92 | എൽ.എഫ്.ടി-12-1373/93 തിയതി.06.12.94 | | |
| 1999-2000 | എൽ.എഫ്.ടി-8-30/01 തിയതി.03.08.2001 | | |
| 2000-01, 01-02 (പ്ലാൻ) | എൽ.എഫ്.ടി-15-1333/03 | | |
| 2000-01 വരവ് | എൽ.എഫ്.ടി-15-1878/04 തിയതി. 20.09.05 | | |
| 2001-02 | എൽ.എഫ്.ടി-15-1126/05 തിയതി.09.01.06/07.04.06 | | |
| 2002-03 | എൽ.എഫ്.ടി-15-1125/05 | | |
| 2003-04 | എൽ.എഫ്.ടി-15-259/06 തിയതി.13.09.06 | | |

| | | | |
|---|---|---|---|
| 2004-05 | എൽ.എഫ്.ടി-15-2109/06 തിയതി.30.01.07/07.09.07 | | |
| 2005-06 | എൽ.എഫ്.ടി-15-488/10 തിയതി.16.09.10/11.03.11 | | |
| 2007-08 | എൽ.എഫ്.ടി(പി.2)310/12 തിയതി.30.04.12 | | |
| 2008-09 | എൽ.എഫ്.ടി(പി.2)311/12 തിയതി.30.04.12 | | |
| 2009-10 | എൽ.എഫ്.ടി(പി.2)312/12 തിയതി.30.04.12 | | |
| 2010-11 | എൽ.എഫ്.ടി(പി.2)313/12 തിയതി.15.09.12/08.08.12 | | |
| 2011-12 | എൽ.എഫ്.ടി(പി.2)228/13 തിയതി.05.07.13/15.10.13 | | |
| 2012-13 | എൽ.എഫ്.ടി(പി.2)86/14 തിയതി.16.04.14/16.07.14 | | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ(പി.2)-189/15 തിയതി.11.06.15/03.09.15 | | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി.2)-693/16 തിയതി.24.05.16 | | |
| 2015-16 | നം.കെ.എസ്.എ.ടി.എസ്.ആർ. (പി.2)1937/2016 തീയതി.10.11.2016 | | |
| 2016-17 | നം.കെ.എസ്.എ.ടി.എസ്.ആർ. (പി2)1213/2017/ തീയതി.29.07.2017 | | |
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ. (പി2)64/2019/ തീയതി.26.03.2019 | | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വല്ലച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# <u>അനുബന്ധം-2</u>
# <u>ഓഡിറ്റ് സംക്ഷിപ്തം</u>

| | സംക്ഷിപ്തം (AuditedAbstract) |
|---|---|
| 1 | റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ല ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ